മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഈ പറഞ്ഞ പ്രോഗ്രസ്സ് കഴിയാതെ കണ്ട് വല്ല പോസ്റ്റ്വാർസ്കീമും നടപ്പിലായി കഴിഞ്ഞിട്ടുണ്ടോ?

രാമചന്ദ്രസുരാൻ: ചില റോഡുപണികൾ എടുത്തിട്ടുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഗവമ്മെണ്ട് ആഫീസേഴ്സ് എന്നു പറഞ്ഞതു് ഗസറ്റഡ് ആഫീസേഴ്സ് മാത്രമല്ലേ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: താഴ്ന്നതരം സർക്കാർ ജീവനക്കാർക്കാണ്.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്: തൃശ്ശിവപേരൂർ അടുത്തുള്ള അധ:കൃതർ താമസിക്കുന്നില്ലാത്ത ആ കോളനി നന്നാക്കി :low paid government servants-ന്ന കൊടുക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അതിനെക്കുറിച്ചു് ആലോചിക്കാം.

Mr. P. A. Muhamad Ashrof *(Cranganur)*: May I know, Sir, whether Government have any objection to requisition buildings which were occupied by the Military in Ernakulam and Mattancheri for housing Government servants?

Mr. V. K. Aravindaksha Menon *(Chief Engineer)*: There is no objection. But most of the buildings are not suitable.

TEACHERS UNTRAINED—DISCHARGE OF

37 മിസ്റ്റർ എം. കെ. വർഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവമ്മെണ്ട് ദയവായി മറുപടി പറയുമോ.—

(എ) നിയമനത്തിനുശേഷം ട്രെയിനിങ്ങ് കഴിഞ്ഞിട്ടില്ലാത്ത അദ്ധ്യാപകന്മാരെ പിരിച്ചു വിടണമെന്ന് മാനേജർമാർക്ക് സർക്കുലർ അയച്ചിട്ടുണ്ടോ;

(ബി) മേൽപറഞ്ഞ തരത്തിലുള്ള അദ്ധ്യാപകന്മാർക്ക് പെർമിറ്റ് കൊടുത്തപ്പോൾ അവർ ട്രെയിനിംഗ് കഴിക്കേണ്ടതിനെക്കുറിച്ച് വല്ല വ്യവസ്ഥയും അതിൽ കാണിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു്?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ:

(എ) ഇല്ല. എന്നാൽ സ്വന്തം ചിലവിന്മേൽ ട്രെയിനിങ്ങ് കഴിച്ചുകൊള്ളണമെന്നുള്ള നിബന്ധനയിന്മേൽ ഉദ്യോഗത്തിൽ നിയമിച്ചിട്ടുള്ള അദ്ധ്യാപകന്മാർ മൂന്നുകൊല്ലത്തിനുള്ളിൽ ട്രെയിനിങ്ങ് കഴിക്കണമെന്ന വിദ്യാഭ്യാസമേലദ്ധ്യക്ഷൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) സ്വന്തചിലവിന്മേൽ ട്രെയിനിങ്ങ് കഴിക്കേണ്ടതാണെന്നുള്ള വ്യവസ്ഥ പെർമിറ്റിൽ കാണിച്ചിട്ടുണ്ട്.

(സി) ബിയിലെ ഉത്തരം നോക്കുക.

മിസ്റ്റർ സി. എസ്സ്. പണിക്കർ: മൂന്നുകൊല്ലത്തിനുള്ളിൽ ട്രെയിനിംഗ് കഴിക്കണമെന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ ട്രെയിനിംഗ് സ്കൂളിൽ എല്ലാവർക്കും ട്രെയിനിംഗ് കഴിക്കുന്നതിനുവേണ്ട സൌകര്യങ്ങളുണ്ടോ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: ഉണ്ട്. In the case of emergency training course, emergency conditions of life are also characteristic.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: We see so many persons are huddled together in a small house and even kerosene is not being supplied. സൌകര്യം ഉണ്ടെന്നു പറഞ്ഞതു, അദ്ധ്യാപകന്മാർ എന്നു പറഞ്ഞതുകൊണ്ടാർ, ഒരു മുപ്പതാളുകളും ഒരുമിച്ചു് ഒരു കുടിലിൽ അരിയും മണ്ണെണ്ണയും ഇല്ലാതെ താമസിക്കണം, അതല്ലേ സൌകര്യം?

OFFICERS IN THE FOREST DEPARTMENT—HILL TRACTS ALLOWANCE

38. **Chowdhury G. S. Dhara Singh** *(Mattancheri)*: Will Government be pleased to answer.—

(*a*) what percentage of their salary do the officers of the Forest Service get as Hill Tract allowance when they are posted in hill tract region;

(*b*) what is the precentage given to the subordinates? (If any fixed allowance is given please mention that)

Mr. S. Venkiteswaran *(Conservator of Forests)*:

(*a*) 50 per cent of the pay of the officers.

(*b*) Same as above. No fixed allowance is given.

LIBRARY ARCHIVES Kerala Legislative Assembly

ചൌധരി ജി. എസ്സ്. ധാരാസിംഗ്: ട്രാംവേയിൽ Hill tract അലവൻസ് കൊടുത്തിട്ടുണ്ടോ?

Mr. S. Venkiteswaran *(Conservator of Forests):* No, Sir.

മിസ്റ്റർ പി. കെ. ഡീവർ: ഗാർഡുമാക്ക് അലവൻസു കൊടുക്കാതിരിക്കുവാൻ കാരണമെന്താണ്?

Mr. S. Venkiteswaran *(Conservator of Forests):* The tramway from the start to the end crosses through special tracts. The initial pay fixed for these officers was in due consideration of that fact so that there was no reason to pay them special tract allowance.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: അവരുടെ ഗ്രേഡ് എത്രയാണെന്നു പറയാമോ?

Mr. S. Venkiteswaran *(Conservator of Forests):* Rs. 25—30.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: Hill tract allowance ഉൾപ്പെടെയാണോ ഫർ കു. എന്നു് പറഞ്ഞതു്?

Mr. S. Venkiteswaran *(Conservator of Forests):* When the tramway was originally started the grade of pay of the officers in the general service was even less than Rs. 10 and when it was fixed at Rs. 14 it was in due consideration of the work that these men had to do.

മിസ്റ്റർ പി. കെ. ഡീവർ: ചുവട്ടിലുള്ള ഗാഡുമാക്ക എന്താണു് ശമ്പളം?

Mr. S. Venkiteswaran *(Conservator of Forests):* They also get the same thing. Rs. 25 to 30 grade.

മിസ്റ്റർ പി. കെ. ഡീവർ: മൂന്നമാസത്തേക്കു Hill tract-ൽ ജോലി നോക്കുന്ന ആഫീസ്സർമാക്കു് ഈ 50 per cent അലവൻസു് കൊടുക്കുകയില്ല?

Mr. S. Venkiteswaran *(Conservator of Forests):* But they get periodical transfers. Every 3 months guards are shifted from one section to another. By rotation they get the advantage or disadvantage of this grade.

മിസ്റ്റർ പി. കെ. ഡീവർ: അവരുടെ ശമ്പളത്തോതു നിശ്ചയിച്ചതിനുശേഷം വല്ലപ്പോഴും മാറ്റിയിട്ടുണ്ടോ?

Mr. S. Venkiteswaran *(Conservator of Forests):* Yes, അടുത്തു മാറ്റിയിട്ടുണ്ടു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: അതിനുശേഷമാണോ ഈ പറഞ്ഞ സ്കെയിൽ നിശ്ചയിച്ചതു്?

Mr. S. Venkiteswaran *(Conservator of Forests):* No. In the case of officers, the menials were employed on a muster roll basis—their pay has been now raised to a daily wage of Re. 1 against their initial pay of Rs. 14.

മിസ്റ്റർ പി. കെ. ഡീവർ: S. I. R.-ൽ ഗാർഡുമാരുടെ ശമ്പളം എന്താണെന്നറിയാമോ?

Mr S. Venkiteswaran *(Conservator of Forests):* I do not know.

മിസ്റ്റർ പി. കെ. ഡീവർ: അതു് ഇതിനേക്കാൾ അധികമാണെന്നറിയാമോ?

Mr. S. Venkiteswaran *(Conservator of Forests):* Sir, this is only a contrivance for the transport of timber and cannot in any sense of the term compare to the railway.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ചില വിഭാഗക്കാരുടെ ശമ്പളം കൂട്ടി എന്നു പറഞ്ഞു. ശമ്പളം കൂട്ടാത്തവർ എത്രയുണ്ടു്?

മിസ്റ്റർ എസ്സ്. വെങ്കിടേശ്വരൻ: ശമ്പളം കൂട്ടാത്തവരുമുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ട്രാംവെകൊണ്ടു ലാഭമുള്ളതല്ലേ?

Mr. S. Venkiteswaran *(Conservator of Forests):* Yes.

മിസ്റ്റർ പി കെ. ഡീവർ: അവർക്കു ജീവിക്കുവാനുള്ള ശമ്പളം കൊടുക്കണ്ടേ?

Mr. S. Venkiteswaran *(Conservator of Forests):* Everything is being done to see that the requirements of the subordinates are met consistent with the finances of that department.

മിസ്റ്റർ പി. കെ. ഡീവർ: അവരുടെ ശമ്പളം റൈസ് ചെയ്യുന്ന കാര്യം എപ്പോഴാണു് ആലോചിക്കുമോ?

Mr. S. Venkiteswaran *(Conservator of Forests):* There is always complaint. Even if you raise the pay of an officer, he brings in a complaint after one year. *(Laughter)*

മിസ്റ്റർ പി. കെ. ഡീവർ: അവരുടെ ശമ്പളം ന്യായമായിട്ടുള്ളതാണെന്നു തോന്നുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

Mr. S. Venkiteswaran *(Conservator of Forest)*: There might be justification. But it will not be possible for the Government to see that every officer in that service is paid as adequately as every one would wish them to be.

മിസ്റ്റർ പുത്തൂർ അച്ചുതമേനോൻ: വലിയ ഉദ്യോഗസ്ഥന്മാർ ശമ്പളം പോരായെന്ന Complaint ചെയ്യാറുണ്ടോ?

Mr. S. Venkiteswaran *(Conservator of Forest)*: Not that I know of in my Department.

മിസ്റ്റർ പുത്തൂർ അച്ചുതമേനോൻ: അപ്പോൾ ചെറിയവർമാത്രം കംപ്ലെയിൻറ് ചെയ്യുന്നതു് എന്തുകൊണ്ടാണെന്ന ഗവണ്മെണ്ടു് ആലോചിച്ചിട്ടുണ്ടോ?

Mr. S. Venkiteswaran *(Conservestor of Forests)*: Whenever they have complained it has been looked into and it has been redressed.

മിസ്റ്റർ വി ആർ. കൃഷ്ണനെഴത്തശ്ശൻ: ഫോറസ്റ്റ് ഡിപ്പാർട്ടുമെണ്ടു് ലാഭമുണ്ടാകുന്ന ഒരു ഡിപ്പാർട്ടുമെണ്ടല്ലെ?

Mr. S. Venkiteswaran *(Conservator of Forests)*: Yes.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: അപ്പോൾ ലാഭത്തിൻെറ ശതമനമനുസരിച്ചു ജോലിക്കാക്കു് ശമ്പളം കൊടുക്കുന്നുണ്ടോ?

Mr. S. Venkiteswaran *(Conservater of Forests)*: No, Sir.

Mr. P. K. Dewer *(Nominated)*: Are they provided with quarters.

Mr. S. Venkiteswaran *(Conservator of Forests)*; Those that are not stationed at Chalakudy are not provided with quarters.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ടാംവെ ഡിപ്പാർട്ടുമെണ്ടിലുള്ളവക്കു ഫ്രീ റേഷൻകൊടുക്കുന്നുണ്ടോ?

Mr. S. Venkiteswaran *(Conservator of Forests)*: No.

മിസ്റ്റർ പി. കെ. പോൾ: ഇതിൽ ഒരു കയ്യും ഒരു കാലും ഇല്ലാത്ത കൂലിക്കാർ ഉണ്ടോ?

Mr. S. Venkiteswaran *(Conservator of Forests)*: Yes. Many of the disabled subordinates have been taken on for jobs in which their disabilites would not really reflect.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: May I know, Sir, whether this tramway men have to risk their lives in carrying out the jobs allotted to them.

Mr. S. Venkiteswaran *(Conservator of Forest)*: Their job is not as secure a job as sitting in an office in a town by the side of a desk.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: ലാഭമനുസരിച്ചല്ല ശമ്പളം കൊടുക്കുന്നതെന്നും വ്യവസായത്തിൻെറ നടത്തിപ്പനുസരിച്ചാണു് ശമ്പളം നിശ്ചയിക്കുന്നതെന്നും പറഞ്ഞു. ഈ ഡിപ്പാർട്ടുമെണ്ടിൽ ഈ പണിക്കാക്കു ഇത്ര കുറുങ്ങിയശമ്പളം നിശ്ചയിക്കുവാൻ കാരണമെന്താണു്?

Mr. S. Venkiteswaran *(Conservetor of Forests)*: It was fixed like that, (*Laughter*)

മിസ്റ്റർ പി. കെ. പോൾ: അംഗവൈകല്യം സംഭവിച്ചതിൽ ആരെയെങ്കിലും കോമ്പൻസേഷൻ കൊടുത്തു പിരിച്ചയച്ചിട്ടുണ്ടോ?

Mr. S. Venkiteswaran *(Conservator of Forests)*: Yes. According to the Workmen's Compensation Act.

മിസ്റ്റർ പി. കെ. പോൾ: അംഗവൈകല്യം സംഭവിച്ച ആളുകളെ പണിയിൽനിന്നു പിരിച്ചിട്ടു് വല്ല കോമ്പൻസേഷനും കൊടുത്തു അയക്കുന്നതല്ലെ നല്ലതു്?

Mr. S. Venkiteswaran *(Conservator of Forests)*: But they preferred to do the work. They said they did not want compensation. Because the compensation amount will be so small that they will find it impossible to maintain them with that. They prefer to work.

മിസ്റ്റർ പി. കെ. ഡീവർ: Forest Department-ൽ പണിയെടുക്കുന്ന ചെറിയ ശമ്പളക്കാരായ ആളുകളിൽ എത്രപേർ പെൻഷൻ പറ്റീട്ടുണ്ടു്?

Mr. S. Venkiteswaran *(Conservator of Forests)*: Sir, in my Department the proportion of officers on pension is very small.

മിസ്റ്റർ പി. കെ. ഡീവർ: അതിനുള്ള കാരണമെന്താണു്?

Mr. S. Venkiteswaran *(Conservator of Forests)*: Due to the unhealthy nature of the work they are doing.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കെ. ഡീവർ: അവർ ജീവിക്കുന്നിടത്തോളം കാലം അവക്ക് മയ്യാദയായി ജീവിക്കുവാനുള്ള ഒരു ശമ്പളം കൊടുക്കുവാൻ ഗവമ്മെണ്ടു ദയവായി ആലോചിക്കുമോ?

Mr. S. Venkiteswaran *(Conservator of Forests)*: That will be looked into when the general revision of pay of all officers is taken.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: May I Know whether these gentlemen have any other source of income?

Mr. S. Venkiteswaran *(Conservator of Forests)*: The Hon'ble Member might know some.

Mr. P. Kumaran Ezhuthasan *(Vadakkancheri)*: I want information from Government.

Mr. S. Venkiteswaran *(Conservator of Forests)*: I have no informtion.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Then say that. Don't tread into dangerous paths. (*Laughter*)

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ആ ഡിപ്പാർട്ടുമെണ്ടിൽ ചില ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിൽ ഒരു ശ്രുപ വർദ്ധിപ്പിച്ചു എന്നു ബഹുമാനപ്പെട്ട മെമ്പർപറഞ്ഞു. ആ രീതിയിൽ മറവു തൊഴിൽ എടുക്കുന്നവരുടെ സമ്പാദ്യത്തോതു എത്രയാണെന്നു പറയാമൊ? ഇപ്പോഴും കാഷ്ചൽ ലേബറിന്നു രണ്ടും രണ്ടരയും ഉറുപ്പിക കൂലികിട്ടുന്നുണ്ടെന്നു് അറിയാമൊ?

Mr. S. Venkiteswaran *(Conservator of Forests)*: Yes.

മിസ്റ്റർ പി. കെ. പോൾ: ഗവമ്മെണ്ടിൽനിന്നു ജോലിക്കു നിയമിച്ചിട്ടുള്ളവരെ ഫോർമാൻറെയും ബ്ലോക്കു് ഇൻസ്പെക്ടരുടെയും വീട്ടിൽ ജോലിക്കു നിറുത്തിട്ടുള്ളതായി ഗവമ്മെണ്ടിന്നറിയാമൊ?

മിസ്റ്റർ എസ്സ്. വെങ്കിടേശ്വരൻ: അന്വേഷിക്കാം. I have no information.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Will you please enquire and find out?

Mr. S. Venkiteswaran *(Conservator of Forests)*: Yes. Certainly.

FISHERIES TRAINING—QUALIFICATION OF CANDIDATES

39. മിസ്റ്റർ. എം. കെ. വർഗീസ്സ്: താഴെ പറയുന്ന വിഷയങ്ങൾക്കു് ബഹുമാനപ്പെട്ട ഗവമ്മെണ്ടു് ദയവു മറുപടി നൽകുമോ.—

(എ) Zoology graduates-നെ മാത്രം ഫിഷറീസ്സ് ട്രെയിനിംഗിന്നു് തിരഞ്ഞെടുക്കുവാൻ വല്ല പ്രത്യേക കാരണവുമുണ്ടോ;

(ബി) Zoology graduates-അല്ലാതെ ഫിഷറി ഡിപ്പാർട്ടുമെണ്ടിൽ വല്ല ബിരുദധാരികളും ഉണ്ടോ;

(സി) ഉണ്ടെങ്കിൽ ആരെല്ലാം;

(ഡി) അവരുടെ ജോലി എന്തു്?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഉണ്ടു്. ഈ ട്രെയിനിംഗിന്നു് Zoology graduates വേണമെന്ന ഇൻഡ്യാഗവമ്മെണ്ടിന്റെ നിബന്ധനയുണ്ടായിരുന്നു.

(ബി) ഉണ്ടു്.

(സി) ക. മിസ്റ്റർ പി. കേശവൻ.

ഖ. മിസ്റ്റർ പി. എസ്സ്. നാരായണൻ.

ഗ. മിസ്റ്റർ എം. ടി. സേവിയർ

(ഡി) ക. മിസ്റ്റർ പി. കേശവൻ, ഫിഷറീസ് സൂപ്രഡെണ്ടു്.

ഖ. മിസ്റ്റർ പി എസ്സ്. നാരായണൻ, ഇൻസ്പെക്ടർ (Administration and Socio-economic Work).

ഗ. മിസ്റ്റർ എം. ടി. സേവിയർ, ഫിഷറി സൂപ്രഡെണ്ടാപ്പീസ്സിൽ ഗുമസ്തൻ.

LIBRARY ARCHIVES Kerala Legislative Assembly